ഹയർ സെക്കണ്ടറി ജീവനക്കാരുടെ ശമ്പള വിതരണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ട പൊതുയോഗ്യത

177(2903) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ (ടി) വകുപ്പ് 23-6-2003-ന് പുറത്തിറക്കിയ 171/2003 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ ശമ്പള വിതരണം നടത്തേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശമ്പള വിതരണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ട പൊതുയോഗ്യതയായ അക്കൗണ്ട് ടെസ്റ്റും മറ്റ് പി.എസ്.സി. അനുശാസിക്കുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകളും പാസ്സാകണമെന്ന നിബന്ധന മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന പ്രിൻസിപ്പാൾമാർക്ക് ബാധകമാണോ ;

(സി) ഉത്തരവിന്റെ നാലാം ഖണ്ഡികയിൽ പറയുന്ന യോഗ്യതയുള്ള സീനിയർ മോസ്റ്റ് ഹയർ സെക്കന്ററി അദ്ധ്യാപകൻ എന്നതിൽ പ്രിൻസിപ്പാൾ നിയമനത്തിന്റെ പ്രത്യേക യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശമ്പള വിതരണകാര്യത്തിൽ നിലവിലുള്ള സംവിധാനം തുടരുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടെന്ന് കാണുന്ന പക്ഷം അപ്പോൾ പരിഹാരം കാണുന്നതാണ്.

(ബി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിന് നിയമന സമയത്ത് നിലവിലിരുന്ന വിദ്യാഭ്യാസ യോഗ്യതകളും നിയമന അംഗീകാരം ലഭിച്ച തീയതി മുതലുള്ള സീനിയോറിറ്റിയുമാണ് പ്രിൻസിപ്പാൾ നിയമനത്തിനായി ഉത്തരവ് പ്രകാരം കണക്കാക്കുന്നത്.

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം

178 (2904) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കേരളത്തിലെ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച കാര്യങ്ങൾ അറിയുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം ഇല്ലാത്തതുമൂലം കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ വേണ്ട സത്വര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പി. ബി. എക്സ്. ഇ. സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടില്ല. ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

ടി. ടി. സി. കോളേജുകൾക്ക് എൻ. ഒ. സി. കൊടുക്കാനുള്ള തീരുമാനം

179 (2905) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കേരളത്തിൽ ടിടിസി കോഴ്സുള്ള എത്ര ട്രെയിനിംഗ് സ്കൂളുളുണ്ടെന്നും ഇവയിൽ സർക്കാർ മാനേജ്മെന്റ് സ്കൂളുകൾ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ നിന്ന് എത്ര പേർ കോഴ്സ് കഴിഞ്ഞ് ഓരോ വർഷവും പുറത്തിറങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ ടി.ടി.സി. കഴിഞ്ഞ് തൊഴിലില്ലാത്തവരായി എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് പുതിയതായി ട്രെയിനിംഗ് സ്കൂളുകൾക്ക് (ടി. ടി. സി.) എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സ്കൂളുകൾക്ക് എന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ കേരളത്തിൽ 101 ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആണുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly